# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - ഐ.എം.ജി ട്രെയിനിംഗ് - തിരുവനന്തപുരം "Training on Malayalam Computing for Clerks (STP 093 ) എന്ന പരിശീലന പരിപാടിയിലേക്ക് ജീവനക്കാരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: C6/2120/2019/DCE തീയതി.13.11.2019

---

പരാമർശം:-ഐ.എം.ജി പരിശീലന കലണ്ടർ 2019 -2020 (STP-086)

## ഉത്തരവ്

16.12.2019 മുതൽ 18.12.2019 വരെ (മൂന്ന് ദിവസം) തിരുവനന്തപുരം ഐ.എം.ജി ട്രെയിനിങ് സെന്ററിൽ വച്ച് നടത്തുന്ന 'Training on Malayalam Computing for Clerks'-STP 093 എന്ന പരിശീലന പരിപാടിയിലേയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ക്ലാർക്ക് തസ്തികയിലുള്ളവരെ നിയോഗിക്കുന്നതിനു ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പങ്കെടുക്കേണ്ട ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കോളേജ് വിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം | 5 |
| 2 | കോളേജ് വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം കൊല്ലം | 2 |
| 3 | യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം | 2 |
| 4 | ഗവൺമെന്റ് കോളേജ് നെടുമങ്ങാട് | 1 |
| 5 | ഗവൺമെന്റ് കോളേജ് കാര്യവട്ടം | 2 |
| 6 | ഗവൺമെന്റ് കോളേജ് ആറ്റിങ്ങൽ | 2 |
| 7 | ഗവൺമെന്റ് കോളേജ് കാഞ്ഞിരംകുളം | 1 |
| 8 | ഗവൺമെന്റ് സംസ്കൃത കോളേജ് തിരുവനന്തപുരം | 1 |
| 9 | ഗവൺമെന്റ് ആർട്സ് കോളേജ് തിരുവനന്തപുരം | 2 |
| 10 | ഗവൺമെന്റ് വനിതാ കോളേജ് തിരുവനന്തപുരം | 2 |
| 11 | ഗവൺമെന്റ് ട്രെയിനിങ് കോളേജ് തിരുവനന്തപുരം | 1 |
| 12 | ഗവൺമെന്റ് ലോ കോളേജ് തിരുവനന്തപുരം | 1 |
| 13 | ശ്രീ സ്വാതി തിരുനാൾ സർക്കാർ സർക്കാർ സംഗീത കോളേജ് തിരുവനന്തപുരം | 1 |
| 14 | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് മലയിൻകീഴ് | 1 |
| 15 | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കുളത്തൂർ | 1 |
| 16 | ബി ജെ എം ഗവൺമെന്റ് കോളേജ് ചവറ | 1 |
| 17 | ഗവൺമെന്റ് കോളേജ് ഇലന്തൂർ പത്തനംതിട്ട | 1 |
| 18 | ഗവൺമെന്റ് ലോ കോളേജ് ഹോസ്റ്റൽ തിരുവനന്തപുരം | 1 |
| 19 | ശ്രീ സ്വാതി തിരുന്നാൾ സർക്കാർ സംഗീത കോളേജ് ഹോസ്റ്റൽ തിരുവനന്തപുരം | 1 |
| 20 | ഗവണ്മെൻറ് മെൻസ് ഹോസ്റ്റൽ തിരുവനന്തപുരം | 1 |
| | ആകെ | 30 |

മുൻപ് ടി പരിശീലന പരിപാടിയിൽ പങ്കെടുക്കാത്ത ജീവനക്കാർക്ക് സ്ഥാപന മേധാവികൾക്ക് മുൻഗണന

നൽകേണ്ടതാണ്.

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൌൺലോഡ് ചെയ്ത് സ്ഥാനമേധാവികൾ ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും 16.12.2019 -ന് **രാവിലെ 9.30** -ന് തിരുവനന്തപുരം ഐ.എം.ജി സെന്ററിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കേണ്ടതുമാണ്. സമയനിഷ്ഠ പാലിക്കാത്ത ജീവനക്കാരുടേയും പരിശീലന പരിപാടിയിലേക്ക് ജീവനക്കാരെ നിയോഗിക്കാത്ത സ്ഥാപനങ്ങളുടെയും വിവരങ്ങൾ കോഴ്സ് കോ-ഓർഡിനേറ്റർ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മുൻകൂർ അനുമതിയില്ലാതെ ട്രെയിനിങ്ങിൽ നിന്ന് വിട്ടു നിൽക്കുന്നത് ഗൌരവമായ വീഴ്ചയായി കണക്കാക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ് /-

**ഷൂജ ആർ**

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) ഡയറക്ടർ, ഐ.എം.ജി, തിരുവനന്തപുരം

2) സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി )

3)അഡിഷണൽ ഡയറക്ടർ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്

4)ശ്രീമതി എൻ എസ് മിനി സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

ട്രെയിനിങ് മാനേജർ

# Approval Valid

Digitally Approved By

**ഷൂജ ആർ**

Date 13.12.2019

Reason Approved